**"ഭരണഭാഷ- മാതൃഭാഷ"**

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- സമാശ്വാസ തൊഴിൽദാന പദ്ധതി -ചാലക്കുടി നഗരസഭയിൽ റവന്യൂ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട സിന്ധു.ജി യുടെ മകൾ ശ്രീമതി.ജ്യോതിക.എം നായർ- എറണാകുളം ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1901/2026/LSGD തീയതി,തിരുവനന്തപുരം, 09-10-2026

---

പരാമർശം:-

1. സ.ഉ.(പി) നം. 12/99/ഉഭപവ തീയതി 24.05.1999
2. ശ്രീമതി.ജ്യോതിക.എം.നായർ സമർപ്പിച്ച 07.12.2021 തീയതിയിലെ ആശ്രിതനിയമന അപേക്ഷ
3. സ.ഉ(കൈ)നം124/2023/LSGD തീയതി 08.06.2023.
4. സ.ഉ(പി)നം.4/2025/പി.&എ.ആർ.ഡി തീയതി 29.03.2025.
5. സ.ഉ.(പി) നം.15/2025/ഉഭപവ തീയതി 09.11.2025.
6. 22.09.2026 ലെ എസ്.ഡി2/250/2026-ജി.എ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

ചാലക്കുടി നഗരസഭയിൽ റവന്യൂ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ശ്രീമതി.സിന്ധു.ജി-യുടെ മകൾ ശ്രീമതി.ജ്യോതിക.എം നായർ സമർപ്പിച്ചിരുന്ന പരാമർശം (2) അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എറണാകുളം/തൃശ്ശൂർ ജില്ലയിലെ എൽ.ഡി ക്ലാർക്ക് /ബിൽ കളക്ടർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. ശ്രീമതി.ജ്യോതിക.എം.നായർ ടിയാൾ എൽ.പി.എസ്.ടി./യു.പി.എസ്.ടി/ജൂനിയർ ലാംഗ്വേജ് ടീച്ചർ-ഹിന്ദി എന്നീ തസ്തികകളിൽ നിയമനം നൽകുന്നതിന് മതിയായ യോഗ്യതയുള്ളതിനാൽ ആയതിലേക്ക് പരിഗണിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ നഗരസഭാ സർവീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരിയുടെ ആശ്രിതയാണ് ശ്രീമതി.ജ്യോതിക.എം.നായർ എന്നതിനാൽ ആശ്രിതനിയമനത്തിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന 24.05.1999 ലെ പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക-5 പ്രകാരം ടിയാരിക്ക് നഗരസഭകളിൽ മാത്രമേ ആശ്രിത നിയമനം നൽകാൻ വ്യവസ്ഥയുള്ളൂ എന്നതിനാൽ ഏകീകൃത തദ്ദേശ സർവിസ് നിലവിൽ വന്നെങ്കിലും ഉത്തരവിൽ ഭേദഗതികളൊന്നും വന്നിട്ടില്ലാത്തതിനാൽ ശ്രീമതി.ജ്യോതിക.എം നായരുടെ എൽ.പി.എസ്.ടി./യു.പി.എസ്.ടി/ജൂനിയർ ലാംഗ്വേജ്-ഹിന്ദി ടീച്ചർ തസ്തികയിലേക്ക് നിയമനം ലഭിക്കണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയുകയില്ല എന്ന വിവരം അപേക്ഷകയെ അറിയിക്കുകയുണ്ടായി.

2) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിതനിയമനത്തിനുള്ള വ്യവസ്ഥകൾ പരിഷ്കരിച്ച് **29.03.2025**-ലെ പരാമർശം (4) സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരിച്ച് ഉത്തരവായതിനാൽ സർക്കാർ ജീവനക്കാർ എന്നതിന്റെ പരിധിയിൽ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ജീവനക്കാരും ഉൾപ്പെടുന്നുണ്ട്. ശ്രീമതി ജ്യോതിക എം നായരുടെ മാതാവായ ശ്രീമതി.സിന്ധു ജി. മരണപ്പെട്ടത് **08.08.2021**-നാണ്. പരാമർശം (5) സർക്കാർ ഉത്തരവിലെ ഖണ്ഡിക (I) പ്രകാരം **29.03.2025**-ന് മുമ്പ് മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതരുടെ കാര്യത്തിൽ **24.05.1999**-ലെ പരാമർശം (1) ഉത്തരവിലെയും അനുബന്ധ ഉത്തരവ്/സർക്കുലറിലെയും വ്യവസ്ഥകളാണ് (ഒഴിവു നികത്തുന്ന കാര്യത്തിൽ **29.03.2025**-ലെ ഭേദഗതിക്ക് വിധേയമായി) ബാധകമാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരാമർശം (4) ഉത്തരവിലെ ഖണ്ഡിക **20** പ്രകാരം ഒരാൾക്ക് ആശ്രിത നിയമനത്തിനായി എത്ര തസ്തികകൾ വേണമെങ്കിലും ഓപ്റ്റ് ചെയ്യാവുന്നതാണ്. ടി ഖണ്ഡിക പ്രകാരം ടി തസ്തികകളിൽ ഒഴിവ് ലഭ്യമാണെങ്കിൽ ടിയാളെ നിയമനത്തിന് പരിഗണിക്കാവുന്നതും, അപ്രകാരം പരിഗണിയ്ക്കുന്നതിനായി ടി തസ്തികകളിൽ യോഗ്യമായവയുടെ എല്ലാം സീനിയോറിറ്റി ലിസ്റ്റിൽ ടിയാളെ ഉൾപ്പെടുത്താവുന്നതുമാണ്. ആയതിന് അനുസൃതമായി അർഹത നിശ്ചയിച്ച് ഭരണ വകുപ്പ് പ്രൊഫോർമ പൊതുഭരണ(സർവീസസ്-ഡി) വകുപ്പിന് നൽകേണ്ടതാണെന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത പ്രൊഫോർമ-ബി വിവരങ്ങൾ പൊതുഭരണ(സർവീസസ്-ഡി) വകുപ്പിന് നൽകുകയും ചെയ്തിട്ടുള്ളതാണ്. ടി തസ്തികയിലേക്ക് നിയമനം നൽകുന്നതിന് ശ്രീമതി.ജ്യോതിക.എം നായർക്ക് മതിയായ വിദ്യാഭ്യാസ യോഗ്യതയുണ്ടെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്. ശ്രീമതി.ജ്യോതിക.എം നായർ - ന്റെ വാലിഡ് ആപ്ലിക്കേഷൻ തീയ്യതി **07.12.2021** ആണ്.

3) പൊതുഭരണ (സർവീസസ്-ഡി) വകുപ്പിൽ നിലവിലുള്ള എൽ.പി.എസ്.ടി. തസ്തികയുടെ സീനിയോറിറ്റി പട്ടികയിലെ, സീനിയറായ ശ്രീമതി.ജ്യോതിക എം.നായർക്ക് പ്രസ്തുത ഒഴിവ് അനുവദിച്ചു നൽകിക്കൊണ്ടുള്ള നിയമന ശിപാർശ പരാമർശം (6) കത്ത് പ്രകാരം എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ശ്രീമതി.ജ്യോതിക.എം. നായർക്കുള്ള അനുമതി ഉത്തരവ് ടിയാളുടെ മാതൃവകപ്പായ തദ്ദേശസ്വയംഭരണ വകുപ്പു പുറപ്പെടുവിക്കേണ്ടതാണെന്നും, ടി അനുമതി ഉത്തരവ് ലഭിച്ചതിനു ശേഷം മാത്രം നിയമന ശിപാർശയിലെ സീനിയോറിറ്റി ക്രമത്തിൽ ഉദ്യോഗാർത്ഥിക്ക് എറണാകുളം ജില്ലയിലെ എൽ.പി സ്കൂൾ ടീച്ചർ തസ്തികയിലേയ്ക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കേണ്ടതാണെന്നുമാണ് അറിയിച്ചിരിക്കുന്നത്.

4) മേൽ സാഹചര്യത്തിൽ, ശ്രീ.ജ്യോതിക.എം.നായർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകുന്നതിലേയ്ക്കായി ടിയാൾക്ക് എറണാകുളം/തൃശ്ശൂർ ജില്ലയിലെ എൽ.ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള **08.06.2023** ലെ പരാമർശം (3) സർക്കാർ ഉത്തരവ് റദ്ദാക്കിയും, പൊതുഭരണ (സർവീസസ്-ഡി) വകുപ്പിൽ നിലവിലുള്ള എൽ.പി.എസ്.ടി. തസ്തികയുടെ സീനിയോറിറ്റി പട്ടികയിലെ, സീനിയറായ ശ്രീമതി.ജ്യോതിക എം.നായർക്ക് എറണാകുളം ജില്ലയിലെ എൽ.പി.എസ്.ടി. തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) നിയമനാധികാരി അപേക്ഷകയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിനു മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും, ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. അപേക്ഷകയ്ക്ക് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി നിയന്ത്രണാധികാരി സൂക്ഷിക്കേണ്ടതാണ്.

6) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ടി ഉത്തരവ് പുറപ്പെടുവിച്ചതെന്ന് പരിശോധനയിൽ കണ്ടെത്തിയാൽ ഈ നിയമന ഉത്തരവ് റദ്ദാക്കുവാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, എറണാകുളം
സെക്രട്ടറി, ചാലക്കുടി നഗരസഭ
ശ്രീമതി.ജ്യോതിക.എം.നായർ,സിന്ധുനിവാസ്, വടക്കേമാക്കോട്ട്, വടക്കുപുറം. പി.ഒ, എറണാകുളം 683521
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്
പൊതുവിദ്യാസ വകുപ്പ്
കരുതൽ ഫയൽ (LSGD-EU1/130/2023-LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 09-10-2026
12:04:52
സെക്ഷൻ ഓഫീസർ